# കേരള കാർഷിക സർവ്വകലാശാല

കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര
Email: cohagmet@kau.in & kauagmet@yahoo.co.in

## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## എറണാകുളം ജില്ല

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ് 32/2019(64), വെള്ളിയാഴ്ച | തീയ്യതി 09.08.2019

അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 10.08.2019 | 11.08.2019 | 12.08.2019 | 13.08.2019 | 14.08.2019 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 45 | 20 | 16 | 20 | 35 |
| ഉയർന്ന താപനില (°C) | 29 | 29 | 29 | 29 | 29 |
| കുറഞ്ഞ താപനില (°C) | 22 | 22 | 22 | 22 | 22 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 5 | 6 | 12 | 8 | 12 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 320 | 340 | 320 | 320 | 320 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 8 | 8 | 8 |

ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് നിലവിലെ സാഹചര്യത്തിൽ, ജില്ലയിൽ മഴയുടെ തീവ്രത വരുന്ന മൂന്നു ദിവസങ്ങളിൽ കുറഞ്ഞുവരാൻ സാധ്യത.

## കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതു നിർദ്ദേശങ്ങൾ:** കാർഷിക വിളകളെ മഴക്കാല രോഗകീടങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനായി കൃഷിയിടങ്ങളിൽ മതിയായ നീർവാർച്ച സൗകര്യങ്ങൾ ഒരുക്കി കൊടുക്കുക. | | |
| നെല്ല് (വിരിപ്പ്) കതിരുവരുന്ന പരുവം | ഓലചുരുട്ടിപ്പുഴു, തണ്ടുതുരപ്പൻ | നെല്ലിലെ ഓലചുരുട്ടിപ്പുഴുവിനെ നിയന്ത്രിക്കാൻ ട്രൈക്കോഗ്രമ്മ ചിലോണിസ് കാർഡും തണ്ടുതുരപ്പനെ നിയന്ത്രിക്കാൻ ട്രൈക്കോഗ്രമ്മ ജപ്പോനിക്കം കാർഡും ഉപയോഗിക്കുക. ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഗ്രമ്മ കാർഡ് വീതം, ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് പ്ലാസ്റ്റിക്ക് കപ്പുകളിൽ കുത്തി വെക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 3 മില്ലി ക്ലോറാൻട്രനിലിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക. |
| വാഴ - കുലച്ച പരുവം | പിണ്ടിപ്പുഴു | മഴക്കാലമായതിനാൽ, വാഴയിൽ പിണ്ടിപ്പുഴുവിന്റെ ആക്രമണം നിയന്ത്രിക്കാൻ 2.5 മി.ലി ക്ലോർപൈറിഫോസ് അല്ലെങ്കിൽ 2 മി.ലി ക്യൂനാൽഫോസ് ഒരുലിറ്റർ വെള്ളത്തിന് എന്ന തോതിൽ ഇലക്കവിളുകളിലും, ദ്വാരങ്ങളിലും നല്ലവിധം ഇറങ്ങിചെല്ലത്തക്കവിധം പശ ചേർത്ത് തളിച്ച് കൊടുക്കാവുന്നതാണ്. |
| ജാതി | കായ് അഴുകൽ, ഇല പൊഴിച്ചിൽ - | മഴക്കാലത്ത്, ജാതിയിൽ കായ്അഴുകൽ, ഇലപൊഴിച്ചിൽ എന്നീ രോഗങ്ങൾ വരാൻ സാധ്യതയുണ്ട്. മുൻകരുതലായി രണ്ടു കിലോ ട്രൈക്കോഡർമ, 90 കിലോ ചാണകപ്പൊടിയും, 10 കിലോ വേപ്പിൻപിണ്ണാക്കുമായി കൂട്ടികലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്കവണ്ണം രണ്ടാഴ്ച്ചവെച്ച മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ ചെടിക്ക് ചുവട്ടിലും ഇട്ടുകൊടുക്കുക. ഒരു മാസത്തിനു ശേഷം സ്യൂഡോമോണാസ് 20 ഗ്രാം ഒരുലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക അല്ലെങ്കിൽ 1% വീര്യമുള്ള ബോർഡോ മിശ്രിതം കലക്കി തളിക്കുക. |
| പച്ചക്കറികൾ (വെണ്ട) | പച്ചത്തുള്ളൻ | വെണ്ടയിൽ പച്ചത്തുള്ളന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. അവയെ നിയന്ത്രിക്കാൻ തയോമെത്തോക്സാം 2 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| മൃഗസംരക്ഷണം | തീറ്റ ചാക്കുകൾ ചുമരിൽ ചാരി വെയ്ക്കാതെ മരപ്പലകയുടെയോ ഇരുമ്പുപ്പലകയുടെയോ മുകളിൽ സൂക്ഷിക്കുക. തീറ്റയിൽ ഈർപ്പം കലർന്നാൽ അത് മാരകമായ പൂപ്പൽ വിഷ ബാധക്ക് കാരണമാകും. (CAADECCS, KVASU മണ്ണുത്തി) | |